# ഭാഗ്യവാനായ കുട്ടികളുടെ ശ്രേഷ്ഠ ഭാഗ്യത്തിന്റെ ലിസ്റ്റ്

ഇന്ന് ഭാഗ്യവിദാതാവായ ബാപ്ദാദ തന്റെ ഭാഗ്യവാനായ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഓരോ ബ്രാഹ്മണ കുട്ടിയുടെയും ഭാഗ്യം ലോകത്തിലെ സാധാരണ ആത്മാക്കളിലും വച്ച് അതി ശ്രേഷ്ഠമാണ് കാരണം ഓരോ ബ്രാഹ്മണ ആത്മാവും കോടിയിൽ ചിലർ, ചിലരിലും ചിലരിൽപ്പെട്ടവരാണ്. 550 കോടി ആത്മാക്കൾ എവിടെ, നിങ്ങൾ ബ്രാഹ്മണരുടെ ചെറിയ ലോകം എവിടെ. അവരുമായി താരതമ്യപ്പെടുത്തുമ്പോൾ എത്ര കുറവാണ് നിങ്ങൾ. അതിനാൽ അജ്ഞാനി, അറിവില്ലാത്ത ആത്മാക്കളുടെയിടയിൽ നിങ്ങൾ സർവ്വ ബ്രാഹ്മണരും ശ്രേഷ്ഠ ഭാഗ്യവാൻമാരാണ്. ബാപ്ദാദ കണ്ടു കൊണ്ടിരിക്കുകയായിരുന്നു- ഓരോ ബ്രാഹ്മണന്റെയും മസ്തകത്തിൽ ഭാഗ്യതതിന്റെ രേഖ വളരെ സ്പഷ്ടമായ തിലകത്തിന് സമാനം തിളങ്ങി കൊണ്ടിരിക്കുകയായിരുന്നു. പരിധിയുള്ള ജ്യോത്സ്യൻമാർ കൈകളുടെ രേഖ കാണുന്നുണ്ട് എന്നാൽ ഈ ദിവ്യമായ ഈശ്വരീയ ഭാഗ്യത്തിന്റെ രേഖ ഓരോരുത്തരുടെയും മസ്തകത്തിൽ കാണപ്പെടുന്നു. എത്രത്തോളം ശ്രേഷ്ഠമായ ഭാഗ്യം അത്രത്തോളം ഭാഗ്യവാനായ കുട്ടികളുടെ മസ്തകം സദാ അലൗകീക ലൈറ്റിൽ തിളങ്ങി കൊണ്ടിരിക്കുന്നു. ഭാഗ്യവാനായ കുട്ടികളുടെ മറ്റ് ലക്ഷ്ണങ്ങൾ എന്തായിരിക്കും കാണപ്പെടുന്നത്? സദാ മുഖത്തിൽ ഈശ്വരീയ ആത്മീയ പുഞ്ചിരി അനുഭവപ്പെടുന്നു. ഭാഗ്യവാന്റെ നയനം അർത്ഥം ദിവ്യ ദൃഷ്ടി മറ്റുള്ളവരിൽ സദാ സന്തോഷത്തിന്റെ അലകൾ ഉത്പന്നമാക്കുന്നതിന് നിമിത്തമാകുന്നു. ആർക്ക് ദൃഷ്ടി ലഭിക്കുന്നുവൊ അവർ ആത്മീയതയുടെ, ആത്മീയ അച്ഛന്റെ, പരമാത്മാവിന്റെ ഓർമ്മുടെ അനുഭവം ചെയ്യും. ഭാഗ്യവാൻ ആത്മാവിന്റെ സമ്പർക്കത്തിൽ വരുന്ന ഓരോ ആത്മാവിനും ഭാരരഹിതം അർത്ഥം ലൈറ്റാണെന്ന അനുഭവമുണ്ടാകും. ബ്രാഹ്മണാത്മാക്കളിലും സംഖ്യാക്രമം അന്ത്യം വരെയ്ക്കും ഉണ്ടായിരിക്കും എന്നാൽ സംഖ്യാക്രമത്തിലുള്ള ലക്ഷണങ്ങൾ അത് ഭാഗ്യശാലി കുട്ടികളുടേതാണ്. മുന്നോട്ട് പോകവെ കൂടുതൽ പ്രത്യക്ഷമായി കൊണ്ടിരിക്കും.

ഇപ്പോൾ കുറച്ച് സമയം കഴിയാൻ അനുവദിക്കൂ. കുറച്ച് സമയത്തിനുള്ളിൽ അതിയുടെയും അന്ത്യത്തിന്റെയും അനുഭവമുണ്ടാകുമ്പോൾ നാല് ഭാഗത്തും അറിവില്ലാത്ത ആത്മാക്കൾ പരിധിയുള്ള വൈരാഗ്യ വൃത്തിയിൽ വരും, നിങ്ങൾ ഭാഗ്യവാനായ ആത്മാക്കൾ പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയുടെ അനുഭവത്തിലായിരിക്കും. ഇപ്പോൾ ലോകത്തിലുള്ളവരിലും വൈരാഗ്യമില്ല. കുറച്ച് റിഹേഴ്സൽ നടന്നാലും ഇതെല്ലാം ഇങ്ങനെ തന്നെ സംഭവിക്കും എന്ന് പറഞ്ഞ് അലസതയുടെ ഉറക്കത്തിൽ ഉറങ്ങുന്നു. എന്നാൽ അതിയിലെയും അന്ത്യത്തിലെയും ദൃശ്യങ്ങൾ മുന്നിൽ വരുമ്പോൾ സ്വതവേ തന്നെ പരിധിയുള്ള വൈരാഗ്യ വൃത്തി ഉത്പന്നമാകും, തീവ്രമായ ടെൻഷൻ കാരണം സർവ്വരുടെയും ശ്രദ്ധ ഒരേയൊരു ബാബയിലേക്ക് പോകും. ആ സമയത്ത് സർവ്വാത്മാക്കളുടെയും ഹൃദയത്തിൽ നിന്നും ഈ ശബ്ദം വരും- സർവ്വരുടെയും രചയിതാവ്, സർവ്വരുടെയും പിതാവ് ഒന്നാണ്, ബുദ്ധി അനേക ഭാഗത്ത് നിന്നും വേറിട്ട് ഒരു ഭാഗത്തേക്ക് സ്വതവേ വരും. അങ്ങനെയുള്ള സമയത്ത് നിങ്ങൾ ഭാഗ്യവാനായ ആത്മാക്കളുടെ പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയുടെ സ്ഥിതി സ്വതവേയും നിരന്തരവുമായി തീരും, ഓരോരുത്തരുടെയും മസ്തകത്തിൽ നിന്നും ഭാഗ്യത്തിന്റെ രേഖ സ്പഷ്ടമായി കാണപ്പെടും. ഇപ്പോഴും ശ്രേഷ്ഠ ഭാഗ്യവാനായ കുട്ടികളുടെ ബുദ്ധിയിൽ സദാ എന്താണുള്ളത്? ഭഗവാനും ഭാഗ്യവും.

അമൃതവേള മുതൽ തന്റെ ഭാഗ്യത്തിന്റെ ലിസ്റ്റ് നോക്കൂ. ഭാഗ്യവാനായ കുട്ടികളെ അമൃതവേളയിൽ സ്വയം ബാബ എഴുന്നേൽപ്പിക്കുന്നുമുണ്ട്, ആഹ്വാനവും ചെയ്യുന്നു. അതി സ്നേഹിയായ കുട്ടികളുടെ അനുഭവമാണ്- ഉറങ്ങാൻ ആഗ്രഹിച്ചാലും ആരോ ഉറങ്ങാൻ അനുവദിക്കുന്നില്ല, ആരോ എഴുന്നേൽപ്പിക്കുന്നു, വിളിക്കുന്നു. ഇങ്ങനെയുള്ള അനുഭവം ഉണ്ടാകുന്നില്ലേ. അമൃതവേള മുതൽ തന്റെ ഭാഗ്യത്തെ കാണൂ. ഭക്തിയിൽ ദേവതമാരെ ഭഗവാനെന്നു മനസ്സിലാക്കി ഭക്തർ മണിയടിച്ച് എഴുന്നേൽപ്പിക്കന്നു, നിങ്ങളെ സ്വയം ഭഗവാൻ എഴുന്നേൽപ്പിക്കുന്നു, എത്ര ഭാഗ്യമാണ്. അമൃതവേള മുതൽ ബാബ കുട്ടികളുടെ സേവാധാരിയായി സേവനം ചെയ്യുന്നു, ആഹ്വാനം ചെയ്യുന്നു- വരൂ, ബാബയ്ക്ക് സമാനമായ സ്ഥിതിയുടെ അനുഭവം ചെയ്യൂ, എന്റെ കൂടെയിരിക്കൂ. ബബ എവിടെയാണ് ഇരിക്കുന്നത്? ഉയർന്ന സാഥാനത്ത്, ഉയർന്ന സ്ഥിതിയിൽ. ബാബയുടെ കൂടെയിരിക്കുമ്പോൾ സ്ഥിതിയെന്താകും! എന്ത് കൊണ്ട് പരിശ്രമിക്കുന്നു? കൂടെയിരിക്കൂ എങ്കിൽ കൂട്ടുകെട്ടിന്റെ പ്രഭാവം സ്വതവേ വരും. സ്ഥാനത്തിനനുസരിച്ച് സ്ഥിതി സ്വതവേയുണ്ടാകുന്നു. മധുബനിൽ വരുമ്പോൾ സ്ഥിതി എന്താകുന്നു? യോഗം ചെയ്യേണ്ടി വരുന്നുണ്ടോ അതോ സ്വതവേ യോഗയിലാണോ? അതു കൊണ്ടാണല്ലോ ഇവിടെ കൂടുതൽ താമസിക്കണം എന്ന ഇച്ഛയുണ്ടാകുന്നത്. ഇപ്പോൾ സർവ്വരോടും 15 ദിവസം ഇവിടെ വസിക്കൂ എന്ന് പറയുകയാണെങ്കിൽ സന്തോ

ഷത്തിൽ നൃത്തം ചെയ്യില്ലേ. അതിനാൽ സ്ഥലത്തിന്റെ പ്രഭാവം സ്ഥിതിയിലുണ്ടാകുന്നു. അതുപോലെ അമൃതവേളയിൽ പരംധാമത്തിൽ അല്ലെങ്കിൽ സൂക്ഷ്മ വതനത്തിലേക്ക് പോകൂ, ബാബയുടെയടുത്ത് പോയിരിക്കൂ. അമൃതവേള ശക്തിശാലിയായാൽ മുഴുവൻ ദിനം സ്വതവേ സഹയോഗം ലഭിക്കും. അതിനാൽ തന്റെ ഭാഗ്യത്തെ സദാ സ്മൃതിയിൽ വയ്ക്കൂ "ആഹാ, എന്റെ ഭാഗ്യം" ! ദിനചര്യ തന്നെ ഭഗവാനിൽ നിന്നും ആരംഭിക്കുന്നു.

വീണ്ടും തന്റെ ഭാഗ്യത്തെ നോക്കൂ– ബാബ സ്വയം ടീച്ചറായി എത്ര ദൂരത്ത് നിന്ന് നിങ്ങളെ പഠിപ്പിക്കാൻ വേണ്ടി വരുന്നു! മനുഷ്യർ ഭഗവാന്റെയടുത്ത് പോകുന്നതിന് പ്രയത്നിക്കുന്നു, ഭഗവാൻ സ്വയം നിങ്ങളുടെയടുത്ത് ടീച്ചറായി പഠിപ്പിക്കാൻ വേണ്ടി വരുന്നു, എത്ര ഭാഗ്യമാണ്. എത്ര സമയമായി സേവനത്തിന്റെ ഡ്യൂട്ടി ചെയ്യുന്നു! എപ്പാഴെങ്കിലും അലസത കാണിക്കുന്നുണ്ടോ? ഒഴിവ്ക്കഴിവ് പറയുന്നുണ്ടോ– ഇന്ന് തല വേദനയാണ്, ഇന്നലെ രാത്രി ഉറങ്ങിയില്ലായിരുന്നു. അതിനാൽ ബാബ അക്ഷീണ സേവാധാരിയായി സേവനം ചെയ്യുന്നത് പോലെ ബാബയ്ക്ക് സമാനം കുട്ടികളും അക്ഷീണ സേവാധാരിയാണ്. തന്റെ ദിനചര്യയെ കാണൂ, എത്ര വലിയ ഭാഗ്യമാണ്? ബാബ സദാ സ്നേഹിയാണ്, നഷ്ടപ്പെട്ട് തിരിച്ചു കിട്ടിയ കുട്ടികളോട് പറയുന്നു– ഏതൊരു സേവനം ചെയ്യുമ്പോഴും, ലൗകീകമകട്ടെ, അലൗകീകമാകട്ടെ, കുടുംബത്തിലാകാം, സേവാകേന്ദ്രത്തിലാകാം– ഏതൊരു കർമ്മം ചെയ്യുമ്പോഴും, ഏതൊരു ഡ്യൂട്ടി ചെയ്യുമ്പോഴും സദാ ചെയ്യുന്നവനും ചെയ്യിക്കുന്നവനും നിമിത്തമായ എന്നിലൂടെ ചെയ്യിച്ചു കൊണ്ടിരിക്കുന്നു, ഞാൻ സേവനം ചെയ്യുന്നതിന് നിമിത്തമായിരിക്കുന്നു, ചെയ്യിപ്പിക്കുന്നവൻ ചെയ്യിച്ചു കൊണ്ടിരിക്കുന്നു എന്ന അനുഭവം ചെയ്യൂ. എവിടെയും ഒറ്റയ്ക്കല്ല, ചെയ്യിപ്പിക്കുന്നവന്റെ രൂപത്തിൽ ബാബ കർമ്മം ചെയ്യുന്ന സമയത്തും കൂടെയുണ്ട്. നിങ്ങൾ കേവലം നിമിത്തം മാത്രമാണ്. ഭഗവാൻ വിശേഷിച്ചും ചെയ്യിപ്പിക്കുന്നവനാണ്. ഒറ്റയ്ക്ക് ചെയ്യുന്നത് എന്തിനാണ്? ഞാൻ ഒറ്റയ്ക്ക് ചെയ്യുന്നു എന്ന ബോധം ഉണ്ടാകുമ്പോൾ ഞാൻ എന്ന ബോധം മായ വരുന്നതിനുള്ള വാതിലായി മാറുന്നു. പിന്നീട് പറയുന്നു– മായ വന്നു. വാതിൽ തുറന്നുവെങ്കിൽ മായ കാത്തിരിക്കുകയാണ്, നിങ്ങൾ ക്ഷണിച്ചു, പിന്നെ എങ്ങനെ വരാതിരിക്കും.

ബാബ ചെയ്യിക്കുന്നവനായി ഓരോ കർമ്മത്തിലും ചെയ്യിച്ചു കൊണ്ടിരിക്കുന്നു എന്ന ഭാഗ്യത്തെ സ്മൃതി വയ്ക്കൂ എങ്കിൽ ഭാരം അനുഭവപ്പെടില്ല. അധികാരിയുടെ മേലാണ് ഭാരമുണ്ടാകുന്നത്, കൂടെയുള്ളവരുടെ മേൽ ഭാരമുണ്ടായിരിക്കില്ല. അധികാരിയാകുമ്പോൾ ഭാരം ഉണ്ടാകുന്നു. ഞാൻ ബാലകനാണ്, അധികാരി ബാബയാണ്. അധികാരി ബാലകനായ എന്നെ കൊണ്ട് ചെയ്യിച്ചു കൊണ്ടിരിക്കുന്നു. വലുതാകുമ്പോൾ വലിയ ദുഃഖങ്ങൾ ഉണ്ടാകുന്നു. ബാലകനായി, അധികാരിയുടെ നിർദ്ദേശമനുസരിച്ച് ചെയ്യൂ. ഇത് എത്രയോ വലിയ ഭാഗ്യമാണ്! ഓരോ കർമ്മത്തിലും ബാബ ഉത്തരവാദിയായി ഭാരരഹിതമാക്കി പറത്തിച്ചു കൊണ്ടിരിക്കുന്നു. സംഭവിക്കുന്നതെന്താണ്, എന്തെങ്കിലും പ്രശ്നം വരുമ്പോൾ പറയുന്നു– ബാബാ, ഇനി ബാബ നോക്കൂ എന്ന്. പ്രശ്നം സമാപ്തമാകുമ്പോൾ ലഹരിയിൽ വരുന്നു. എന്നാൽ പ്രശ്നം വരുന്നതിനുള്ള കർമ്മം തന്നെ എന്തിന് ചെയ്യണം! ചെയ്യിപ്പിക്കുന്നവനായ ബാബയുടെ നിർദ്ദേശമനുസരിച്ച് ഓരോ കർമ്മവും ചെയ്യൂ എങ്കിൽ കർമ്മവും ശ്രേഷ്ഠം, ശ്രേഷ്ഠ കർമ്മത്തിന്റെ ഫലമായി സദാ സന്തോഷവുമുണ്ടാകും, സദാ ഭാര രഹിതവുമായിരിക്കും, ഫരിസ്ഥ ജീവിതത്തിന്റെ അനുഭവം ചെയ്തു കൊണ്ടിരിക്കും. ഫരിസ്ഥ കർമ്മ സംബന്ധത്തിൽ വരും എന്നാൽ കർമ്മത്തിന്റെ ബന്ധനത്തിൽ ബന്ധിക്കപ്പെടില്ല. ബാബയുമായി ചെയ്യിപ്പിക്കുന്നവന്റെ സംബന്ധം യോജിച്ചിരിക്കന്നു അതിനാൽ നിമിത്ത ഭാവത്തിൽ ഒരിക്കലും ഞാൻ എന്ന അഭിമാനം വരില്ല. സദാ വിനയമുള്ളവരായി നിർമ്മാണത്തിന്റെ കാര്യം ചെയ്യും. അപ്പോൾ നിങ്ങളുടെ ഭാഗ്യം എത്രയാണ്.

അതുപോലെ പിന്നീട് ബ്രഹ്മാ ഭോജനം കഴിപ്പിക്കുന്നത് ആരാണ്? പേര് തന്നെ ബ്രഹ്മാഭോജനം എന്നാണ്. ബ്രഹ്മഭോജനമല്ല, ബ്രഹ്മാഭോജനമാണ്. ബ്രഹ്മാവ് യജ്ഞത്തിന്റെ സദാ രക്ഷകനാണ്. ഓരോ യജ്ഞ വത്സർ അഥവാ ബ്രഹ്മാ വത്സർക്ക് ബ്രഹ്മാബാബയിലൂടെ ബ്രഹ്മാഭോജനം ലഭിക്കുക തന്നെ ചെയ്യും. മനുഷ്യർ അർത്ഥമറിയാതെ പറയുന്നു– എന്നെ ഭഗവാനാണ് കഴിപ്പിക്കുന്നത് എന്ന്. ഭഗവാനാരാണ് എന്നറിയില്ല, എന്നാൽ കഴിപ്പിക്കുന്നത് ഭഗവാനാണ്. എന്നാൽ ബ്രാഹ്മണ കുട്ടികൾളെ ബാബാണ് കഴിപ്പിക്കുന്നത്. ലൗകീക സമ്പാദ്യത്തിലൂടെ പണം സമ്പാദിച്ച്, അതിലൂടെ ഭോജനവും ഉണ്ടാക്കുന്നത്, എന്നാൽ ആദ്യം തന്റെ സമ്പാദ്യവും ബാബയുടെ ഭണ്ഢാരത്തിലാണിടുന്നത്. അങ്ങനെ ബാബയുടെ ഭണ്ഢാരം ഭോലാനാഥന്റെ ഭണ്ഢാരയായി മാറുന്നു. ഒരിക്കലും ഈ വിധിയെ മറക്കരുത്. ഇല്ലായെങ്കിൽ ചിന്തിക്കും– ഞാൻ സ്വയം സമ്പാദിക്കുന്നു, കഴിക്കുന്നു. ട്രസ്റ്റിയാണ്, ട്രസ്റ്റിക്ക് യാതൊന്നും ഉണ്ടായിരിക്കില്ല. ഞാൻ എന്റെ സമ്പാദ്യമാണ് കഴിക്കുന്നത്– ഈ സങ്കല്പം പോലും വരരുത്. ട്രസ്റ്റിയാണ് അതിനാൽ സർവ്വതും ബാബയിലർപ്പിച്ചു. ബാബയുടേതായി, എന്റയല്ല. ട്രസ്റ്റി അർത്ഥം നിന്റെ, ഗൃഹസ്ഥി അർത്ഥം എന്റെ. നിങ്ങൾ ആരാണ്?

ഗൃഹസ്ഥിയല്ലല്ലോ? ഭഗവാൻ കഴിപ്പിച്ചു കൊണ്ടിരിക്കുന്നു, ബ്രഹ്മാഭോജനം ലഭിച്ചു കൊണ്ടിരിക്കുന്നു- ബ്രാഹ്മണാത്മാക്കൾക്ക് ഈ ലഹരി സ്വതവേയുണ്ടായിരിക്കും, ബാബയുടെ ഗ്യാരന്റിയാണ്- 21 ജന്മം ബ്രാഹ്മണാത്മാക്കൾ ഒരിക്കലും വിശന്നിരിക്കില്ല, വളരെ സ്നേഹത്തോടെ ചപ്പാത്തിയും-പരിപ്പും, കറികളും ലഭിക്കും. ഈ ജന്മവും സ്നേഹത്തോടെയുള്ള റോട്ടിയും പരിപ്പും കഴിക്കും, പരിശ്രമത്തോടെയുള്ളതല്ല. അതിനാൽ സദാ ഈ സ്മൃതി വയ്ക്കൂ- അമൃതവേള മുതൽ എന്തെല്ലാം ഭാഗ്യമാണ് പ്രാപ്തമായിട്ടുള്ളത്. മുഴുവൻ ദിനചര്യയെ കുറിച്ച് ചിന്തിക്കൂ.

താരാട്ട് പാടി ഉറക്കുന്നതും ബാബയാണ്. ബാബയുടെ മടിത്തട്ടിൽ ഉറങ്ങൂവെങ്കിൽ ക്ഷീണം, രോഗം സർവ്വതും മറക്കും, നിങ്ങൾ വിശ്രമിക്കും. കേവലം ആഹ്വാനം ചെയ്യൂ- ആ രാമാ (വരൂ രാമാ) അപ്പോൾ ആരാമം ലഭിക്കും. ഒറ്റയ്ക്ക് ഉറങ്ങുമ്പോഴാണ് മറ്റ് സങ്കല്പങ്ങൾ വരുന്നത്. ബാബയോടൊപ്പം ഓർമ്മ യുടെ മടിത്തട്ടിൽ ഉറങ്ങൂ. മധുരമായി കുട്ടീ, പ്രിയപ്പെട്ട കുട്ടീ – എന്ന താരാട്ട് കേട്ട് കേട്ട് ഉറങ്ങൂ. നോക്കൂ, എത്ര അലൗകീകമായ അനുഭവമാണ് ഉണ്ടാകുന്നത്. അതിനാൽ അമൃതവേള മുതൽ രാത്രി വരെ സർവ്വതും ഭഗവാനാണ് ചെയ്യിച്ചു കൊണ്ടിരിക്കുന്നത്, നടത്തിക്കുന്നവൻ നടത്തിച്ചു കൊണ്ടിരിക്കുന്നു, ചെയ്യിക്കുന്ന വൻ ചെയ്യിച്ചു കൊണ്ടിരിക്കുന്നു- സദാ ഈ ഭാഗ്യത്തെ സ്മൃതിയിൽ വയ്ക്കൂ, പ്രത്യക്ഷത്തിൽ കൊണ്ടു വരൂ. പരിധിയുള്ള ലഹരിവസ്തു കഴിക്കാതെ ലഹരി വരുന്നില്ല അതുപോലെ കേവലം കുപ്പിയിൽ വച്ചിരി ക്കുകയാണെങ്കിൽ ലഹരി വർദ്ധിക്കുമോ? അതുപോലെ ഇതും ബുദ്ധിയിൽ അടങ്ങിയിട്ടുണ്ട് എന്നാൽ ഇതിനെ ഉപയോഗിക്കൂ. സ്മൃതിയിൽ കൊണ്ടു വരിക അർത്ഥം കുടിക്കുക, ഇമർജ്ജ് ചെയ്യുക. ഇതിനെ യാണ് പറയുന്നത് സ്മൃതി സ്വരൂപമാകൂ എന്ന്. ബുദ്ധിയിൽ തന്നെ വയ്ക്കൂ എന്ന് പറഞ്ഞിട്ടില്ല. സ്മൃതി സ്വരൂപരാകൂ. എത്ര ഭാഗ്യവാൻമാരാണ്! ദിവസവും തന്റെ ഭാഗ്യത്തെ സ്മൃതിയിൽ വച്ച് സമർത്ഥരാകൂ, പറക്കൂ. മനസ്സിലായോ, എന്താണ് ചെയ്യേണ്ടതെന്ന്? ഡബിൾ വിദേശി പരിധിയുള്ള ലഹരിയുടെ അനുഭവി കളാണ്, ഇപ്പോൾ ഈ പരിധിയില്ലാത്ത ലഹരി സ്മൃതിയിൽ വയ്ക്കൂ എങ്കിൽ സദാ ഭാഗ്യത്തിന്റെ ശ്രേഷ്ഠ രേഖ മസ്തകത്തിൽ തിളങ്ങി കൊണ്ടിരിക്കും, സ്പഷ്ടമായി കാണപ്പെടും. ഇപ്പോൾ ചിലരുടേത് മർജ്ജായി കാണുന്നു, ചിലരുടേത് സ്പഷ്ടമായി കാണപ്പെടുന്നു. എന്നാൽ സദാ സ്മൃതിയിലുണ്ടെങ്കിൽ മസ്തക ത്തിൽ തിളങ്ങിക്കൊണ്ടിരിക്കും, മറ്റുള്ളവരെയും അനുഭവം ചെയ്യിച്ചു കൊണ്ടിരിക്കും. ശരി!

സദാ ഭാഗ്യവാനും ഭാഗ്യവും- ഇങ്ങനെ സ്മൃതി സ്വരൂപരായ സമർത്ഥ ആത്മാക്കൾക്ക്, സദാ ഓരോ കർമ്മത്തിലും ചെയ്യുന്നവരായി കർമ്മം ചെയ്യുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ അമൃതവേളയിൽ ബാബ യോടൊപ്പം ഉയർന്ന സ്ഥാനത്ത്, ഉയർന്ന സ്ഥിതിയിൽ സ്ഥിതി ചെയ്യുന്ന ഭാഗ്യവാനായ കുട്ടികൾക്ക്, സദാ തന്റെ മസ്തകത്തിലൂടെ ശ്രേഷ്ഠമായ ഭാഗ്യത്തിന്റെ രേഖകൾ മറ്റുള്ളവരെയും അനുഭവം ചെയ്യിക്കുന്ന വിശേഷ ബ്രാഹ്മണർക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്ക്കാരവും.

**വിട പറയുന്ന സമയത്ത് ജാനകി ദദി മുംബൈയിലും കുരുക്ഷേത്രത്തിലും സേവനത്തിന് പോകുന്നതി നുള്ള അനുവാദം എടുത്തു കൊണ്ടിരിക്കുന്നു-**

മഹാരഥികളുടെ പാദങ്ങളിൽ സേവനമുണ്ട്. പോകുന്നയിടങ്ങളിൽ സേവനമല്ലാതെ മറ്റൊന്നുമില്ല. ഏത് കാരണം കൊണ്ടാണ് പോകുന്നതെങ്കിലും അതിൽ സേവനം അടങ്ങിയിട്ടുണ്ട്. ഓരോ ചുവടിലും സേവ നമല്ലാതെ മറ്റൊന്നും തന്നെയില്ല. അഥവാ നടക്കുകയാണെങ്കിൽ നടന്നുകൊണ്ടും സേവനം. ഭക്ഷണം കഴിക്കുമ്പോഴും, ആരെ വിളിച്ചാണ് കഴിപ്പിക്കുന്നത്, സ്നേഹത്തോടെ സ്വീകരിപ്പിക്കുന്നു- അപ്പോൾ അതും സേവനമായി. എഴുന്നേൽക്കുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും സേവനം തന്നെ സേവനമാണ്, അങ്ങനെയുള്ള സേവാധാരിയല്ലേ സേവനത്തിന്റെ അവസരം ലഭിക്കുക എന്നത് എത്രയോ ഭാഗ്യത്തിന്റെ ലക്ഷണമാണ്. വലിയ ചക്രവർത്തിയാകണമെങ്കിൽ സേവനത്തിന്റെ ചക്രവും വലുതാണ്. ശരി.

## വരദാനം- തമോഗുണീ അന്തരീക്ഷത്തിലും തന്റെ സ്ഥിതി ഏകരസവും, അചഞ്ചലവും, സുദൃഢവുമാക്കുന്ന മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കട്ടെ.

ഓരോ ദിനം തോറും പരിതസ്ഥിതി വളരെ തമോപ്രധാനമാകണം, വായുമണ്ഡലം കൂടുതൽ മോശമാ കുക ചന്നെ ചെയ്യും. അങ്ങനെയുള്ള വായുമണ്ഡലത്തിൽ കമല പുഷ്പ സമാനം നിർമ്മോഹിയായിട്ടിരി ക്കണം, തന്റെ സ്ഥിതി സതോപ്രധാനമാക്കണം- ഇതിന് വേണ്ടി അത്രയും ധൈര്യം അഥവാ ശക്തിയുടെ ആവശ്യമുണ്ട്. ഞാൻ മാസ്റ്റർ സർവ്വ ശക്തിവാനാണ് എന്ന വരദാനം സ്മൃതിയിൽ ഉണ്ടെങ്കിൽ പ്രകൃതിയി ലൂടെ, ലൗകീക സംബന്ധത്തിലൂടെ, ദേവീക പരിവാരത്തിലൂടെ ഏതൊരു പരീക്ഷ വന്നാലും അതിൽ

സദാ ഏകരസവും അചഞ്ചലവും സുദൃഢവുമായിരിക്കും.

**സ്ലോഗൻ– വരദാതാവായ ബാബയെ തന്റെ സത്യമായ സാഥിയാക്കൂ എങ്കിൽ വരദാന ങ്ങളാൽ സഞ്ചി നിറയും.**